**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2895** **10-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നാട്ടാനകളുടെ സ്ഥിതിവിവരക്കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാട്ടാനകളുടെ കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; വ്യക്തമാക്കാമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശ-ത്തിന്റെ അടിസ്ഥാനത്തിൽ 2025 ഫെബ്രുവരി 15 നു പൂർത്തിയാക്കിയ നാട്ടാനകളുടെ സർവ്വെ പ്രകാരം കേരളത്തിലെ നാട്ടാനകളുടെ സ്ഥിതിവിവരക്കണ-ക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഇത് പ്രകാരം കേരളത്തിൽ 389 നാട്ടാനകളാണുള്ളത്. |
| (ബി) | നിലവിൽ നാട്ടാനകളുടെ ഉയരം കണക്കാക്കി സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഏത് വർഷത്തെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നറിയിക്കാമോ; | (ബി) | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിലാണ് നാട്ടാനകളുടെ ഉയരം ഉൾപ്പെടെയുള്ള അളവുകൾ പരിശോധിച്ച് രേഖപ്പെടുത്തുന്നത്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പുതുക്കി നൽകുന്ന വേളയിൽ വീണ്ടും ഉയരം ഉൾപ്പെ-ടെയുള്ള അളവുകൾ പരിശോധിച്ച് ആയത് പുതുക്കി നൽകുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താറുണ്ട്. എന്നാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റില്ലാത്ത നാട്ടാനകളുടെ ഉയരം കണക്കാക്കി സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി-യിട്ടുള്ളത് 2012 – 2013 കാലയളവിൽ ഡാറ്റാ ബുക്ക് നൽകിയ വേളയിലാണ്. |
| (സി) | ആയത് പുന:പരിശോധന നടത്തി ഇതു സംബന്ധിച്ച ഡാറ്റാ ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിലെ നിയമങ്ങളിലോ, ചട്ടങ്ങളിലോ നാട്ടാനക-ളുടെ ഉയരം നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ഇതു സംബന്ധിച്ച ഡാറ്റാ ബുക്ക് പ്രസിദ്ധീക-രിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ നാട്ടാനക-ളുടെ ഉയരം ഉൾപ്പെടെയുള്ള ശാരീരിക അളവുകൾ അഞ്ച് വർഷത്തിലൊരിക്കൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പുതുക്കി നൽകുന്നതിനോടൊപ്പം പുതുക്കി നൽകണമെന്ന് 08/12/2015 ലെ 04/2015 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നാട്ടാനകളെ സംസ്ഥാനത്ത് എത്തിക്കുന്നതിനും പരിപാലിക്കുന്നതിനും അനുമതി | (ഡി) | 2024 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 'Captive Elephants (Transfer or Transport) Rules'-ലെ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് മറ്റ് |

| | | | |
|---|---|---|---|
| | നൽകുന്നതുമുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സംസ്ഥാനങ്ങളിൽ നിന്നും നാട്ടാനകളെ കേരള-ത്തിൽ എത്തിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

(4)

BDC2-295/2015

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം - 695014
Email:pccf-cww.for@kerala.gov.in
ഫോൺ: 2321610
ഫാക്സ് : 2320551
തീയതി 18.12.2015

## സർക്കുലർ നം 4/15

വിഷയം:- നാട്ടാനകളുടെ അളവുകളിലെ വ്യത്യാസം പുതുക്കി ബന്ധപ്പെട്ട രേഖകളിൽ രേഖപ്പെടുത്തുന്നതു - സംബന്ധിച്ച്

സൂചന:- 04.12.2015 ൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ ചേമ്പറിൽ നടന്ന ചർച്ച.

നാട്ടാനകളുടെ ഉയരം ഉൾപ്പെടെയുള്ള ശാരീരിക അളവുകൾ പുന:പരിശോധിച്ച് ബന്ധപ്പെട്ട രേഖകളിൽ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ ആന ഉടമകളിൽ നിന്നും ലഭിയ്ക്കുന്നുണ്ട്. 04.12.2015 ൽ കേരളാ എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ ഭാരവാഹികളുമായി ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, ബയോഡൈവേഴ്സിറ്റി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ നടത്തിയ ചർച്ചയിൽ ആനകളുടെ അളവുകൾ അഞ്ചു വർഷത്തിൽ ഒരിക്കൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനോടൊപ്പം പുതുക്കി നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആനയുടെ നിയമപരമായ ഉടമസ്ഥൻ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

(ഒപ്പ്)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ,
കേരള.

To

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ അറിവിനായി.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (D&PFM) ടെ അറിവിനായി.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ടെ അറിവിനായി.
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / ഫോറസ്റ്റ് കൺസർവേറ്റർ (Territorial & Wildlife Circles) അറിവിനായി.

(മറുപുറം)

എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/വൈൽഡ് ലൈഫ് വാർഡൻമാർക്കും/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസർമാർക്ക് അയയ്ക്കുന്നു.

ടി വിവരം എല്ലാ ഡിസ്ട്രിക്റ്റ് കളക്ടറെയും മറ്റും ബോർഡിനെയും നാട്ടാനകളുടെ ഉടമസ്ഥരെയും എലിഫന്റ് ഓണേഴ്സ് അസ്സോസിയേഷനെയും അതാത് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ അറിയിക്കേണ്ടതാണ്.

പകർപ്പ്: എല്ലാ ജില്ലാ കളക്ടർമാർക്കും അറിവിനും തുടർ നടപടികൾക്കുമായി.

പകർപ്പ്: അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FMIS)ന് ടി സർക്കുലർ വനംവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതിനായി നൽകുന്നു.